പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1837 05.02.2019-ലെ മറുപടിക്ക്

## വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീമതി സി.കെ. ആശ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. എ.ഡി.എഫ്. ഉപയോഗിച്ച് നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ട ടൂ വീലർ പാർക്കിംഗ് ഷെഡ്, ഗ്യാരേജ് ലിഫ്റ്റ് എന്നീ പദ്ധതികളുടെ പൂർത്തീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ പദ്ധതി എം.എൽ.എ ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനായി ആദ്യം സമർപ്പിച്ച 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മിതി കേന്ദ്രവുമായി 16.10.2018-ൽ MoU ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭേദഗതി വരുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിർമ്മിതി കേന്ദ്രം കെ.എസ്.ആർ.ടി.സി.ക്ക് സമർപ്പിച്ചിരുന്നു. ഇതിൻമേൽ കെ.എസ്.ആർ.ടി.സി. തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആലപ്പുഴ, ചേർത്തല, വൈക്കം എന്നീ ഡിപ്പോകളിൽ നിന്നും വൈക്കം വഴി വൈറ്റിലയ്ക്ക് ചെയിൻ സർവ്വീസുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലും, കോർപ്പറേഷന് സാമ്പത്തിക ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിലും ആലപ്പുഴ, ചേർത്തല, വൈക്കം വഴി വൈറ്റിലയിലേക്കും പുതിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് വൈക്കം ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി 3 കെ.എസ്.ആർ.ടി.സി ബസ്സുകളും, ഒരു ജൻറം ബസ്സും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**